"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - നാഗർകോവിൽ ആസ്ഥാനമായ പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ പത്തനംതിട്ട ജില്ലയിലെ ശ്രീ ആയ്യപ്പ ആശുപത്രിക്കനുബന്ധമായി ശ്രീ ആയ്യപ്പ നഴ്സിംഗ് സ്കൂൾ എന്ന പേരിൽ പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.247/2024/H&FWD തീയതി,തിരുവനന്തപുരം, 27-09-2024

പരാമർശം:-
1. സ.ഉ (അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
2. 19.07.2024 തീയതിയിൽ പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ഓഫർ ട്രസ്റ്റീ സമർപ്പിച്ച അപേക്ഷ.
3. കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 09.08.2024 തീയതിയിലെ ജി.13091/24/എൻ.സി നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത പരിശോധന റിപ്പോർട്ട്.

ഉത്തരവ്

നാഗർകോവിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രീ ആയ്യപ്പ ആശുപത്രിയെ മാതൃ ആശുപത്രിയായി ജനറൽ നഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് പഠന വിഷയമായി ശ്രീ ആയ്യപ്പ നഴ്സിംഗ് സ്കൂൾ എന്ന പേരിൽ പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ഓഫർ ട്രസ്റ്റീ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ സമർപ്പിച്ച പരാമർശം (3) പരിശോധന റിപ്പോർട്ടിൽ വിദ്യാർത്ഥി പ്രവേശന ശേഷി 40 ആയി നിജപ്പെടുത്തി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് സ്ഥാപനം യോഗ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെ ശിപാർശയുടെയും പരിശോധന റിപ്പോർട്ടിലെ വസ്തുതകളുടെയും അടിസ്ഥാനത്തിൽ പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യപ്പ ആശുപത്രി മാതൃ ആശുപത്രിയായി ശ്രീ അയ്യപ്പ നഴ്സിംഗ് സ്കൂൾ എന്ന പേരിൽ ജനറൽ നഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് പഠനവിഷയമായി പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം വിദ്യാർത്ഥി പ്രവേശന ശേഷി 40 ആയി നിജപ്പെടുത്തി ചുവടെപ്പറയുന്ന നിബന്ധനകളോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ജി.എൻ.എം നഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും **പാലിക്കേണ്ടതാണ്.**

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ ക്രമത്തിൽ നേടിയതിനുശേഷം മാത്രമെ കോഴ്സ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

ഓഥർ ട്രസ്റ്റീ, പി.എസ്.എൻ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, 12, കോർട്ട് റോഡ്, നാഗർകോവിൽ, കന്യാകുമാരി - 629 001.

സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 27-09-2024 16:49:33

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.